തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നിർവാഹകസമിതി
## നാൽപ്പത്തിയൊമ്പതാമത് യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, തിരൂർ**
**2021 മാർച്ച് 29, രാവിലെ 10.30 ന്**
**(ഗൂഗിൾമീറ്റ് വീഡിയോ കോൺഫറൻസ് വഴി)**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ വിജയകുമാർ ആർ. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീ അജിത് കെ ജോസഫ് (അഡീഷണൽ സെക്രട്ടറി, സാംസ്കാരിക കാര്യവകുപ്പ്)
5. ഡോ. സി. രാജേന്ദ്രൻ
6. ഡോ. വി. ലിസ്സി മാത്യു
7. ശ്രീമതി എ.ജി. ഒലീന
8. ശ്രീ കെ.പി. രാമനുണ്ണി
9. ഡോ. എം.വി. പത്മനാഭൻ

ഡോ. ഷൈജൻ ഡി. (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനായിരുന്നു.

**തീരുമാനങ്ങൾ**

ഇനം നമ്പർ: **2021.18**

വിഷയം: **48-ാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയുടെ 48-ാമത് യോഗതീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2021.19**

വിഷയം: **മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2021.20**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: അംഗീകരിച്ചു

ഇനം നമ്പർ: **2021.21**

വിഷയം: **2021–22 സാമ്പത്തികവർഷത്തെ ബജറ്റ് (കരട്) അംഗീകരിക്കൽ**

തീരുമാനം: അംഗീകരിച്ചു

ഇനം നമ്പർ: **2021.22**

വിഷയം: **എഴുത്തച്ഛന്റെ തപാൽ സ്റ്റാമ്പ് ഇറക്കുന്നത് സംബന്ധിച്ച്**

തീരുമാനം: എഴുത്തച്ഛന്റെ പേരിൽ തപാൽ സ്റ്റാമ്പ് ഇറക്കുന്നതിനായി കേന്ദ്രസർക്കാരിന് തുഞ്ചത്തെഴുത്തച്ഛൻ അനുസ്മരണ പോസ്റ്റേജ് സ്റ്റാമ്പ് കമ്മിറ്റി സമർപ്പിക്കുന്ന അപേക്ഷയിൽ മലയാളസർവകലാശാലയിലുള്ള എഴുത്തച്ഛന്റെ ഛായാപടത്തിന്റെ പ്രതിച്ഛായ ഉപയോഗിക്കുന്നതിന് നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനു ശേഷം അനുമതി നൽകാവുന്നതാണെന്ന് തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിന് മാത്രമേ അത് ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നൽകണമെന്ന് തീരുമാനിച്ചു. അതോടൊപ്പം സ്റ്റാമ്പ് ഇറക്കുന്നതിന് സർവകലാശാലയും അപേക്ഷ നൽകണമെന്നും തീരുമാനിച്ചു.

ഇനം നമ്പർ: **2021.23**

വിഷയം: **ക്ഷാമബത്ത അനുവദിച്ച് സർക്കാർ ഇറക്കിയ ഉത്തരവ് (GO(P)No. 25/2021/Fin dated 08.02.2021) മലയാളസർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ക്ഷാമബത്ത വർദ്ധിപ്പിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് (GO(P)No. 25/2021/Fin dated 08.02.2021) മലയാളസർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

യോഗം രാവിലെ 11 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ